# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*141** | **06.03.2020 - ൽ മറുപടിയ്ക്ക്**

**തെങ്ങ് പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അൻവർ സാദത്ത് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പും നാളികേര വികസന ബോർഡും സംയുക്തമായി നടപ്പിലാക്കിയ തെങ്ങ് പുനരുദ്ധാരണ പദ്ധതി പ്രതീക്ഷിച്ച ഫലം കണ്ടില്ല എന്നത് വസ്തുതയാണോ; | എ) അല്ല. സംസ്ഥാനത്തെ നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കൃഷി വകുപ്പിന്റെയും നാളികേര വികസന ബോർഡിന്റെയും വിവിധ പദ്ധതികളിലൂടെ സാധിക്കുന്നുണ്ട്. പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം ഉല്പാദനം 2015-16-ൽ 7429.39 ദശലക്ഷം നാളികേരമായിരുന്നത് 2018-19 വർഷം 7631.35 ദശലക്ഷം നാളികേരമായി വർദ്ധിച്ചിട്ടുണ്ട്. 2015-16 വർഷം ഉല്പാദനക്ഷമത ഹെക്ടറിന് 9641 നാളികേരമായിരുന്നത് 2018-19 വർഷം 10083 നാളികേരമായും വർദ്ധിച്ചിട്ടുണ്ട്. |
| ബി) ഈ പദ്ധതി പ്രകാരം രോഗബാധിത തെങ്ങുകൾ വ്യാപകമായി മുറിച്ച് മാറ്റിയതിന് പകരം തെങ്ങിൻതൈകൾ സമയബന്ധിതമായി നട്ടുപിടിപ്പിക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ: | ബി) തെങ്ങിന്റെ രോഗവ്യാപനം തടയുന്നതിന് വേണ്ടിയാണ് നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം പ്രായാധിക്യം ഉള്ളതും രോഗം ബാധിച്ച് ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നത്. മുറിച്ചുമാറ്റിയ തെങ്ങുകൾക്ക് പകരം ഗുണമേന്മയുള്ളതും, രോഗപ്രതിരോധ ശേഷി ഉള്ളതുമായ തെങ്ങിൻതൈകൾ ഒരു പരിധി വരെ സമബന്ധിതമായി നട്ടുപിടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റേയും കേരള കാർഷിക സർവ്വകലാശാലയുടേയും കേന്ദ്ര തോട്ടവിള ഗവേഷണ ബോർഡ് പോലുള്ള സ്ഥാപനങ്ങളുടേയും ഫാമുകളിൽ തെങ്ങിൻതൈകൾ ലഭ്യമാകുന്ന ജൂൺ-ജൂലൈ മാസം വരെ ചിലയിടങ്ങളിൽ കാലതാമസം വരുന്നുണ്ട്. തെങ്ങുകൾ നേരത്തെ മുറിച്ചാലും അടുത്തുവരുന്ന നടീൽ സീസണിൽ മാത്രമേ പകരം നടുന്നതിന് സാധിക്കുകയുള്ളൂ. അതിനാലാണ് കാലതാമസം ഉണ്ടാകുന്നത്. |

| | |
|---|---|
| സി) പദ്ധതി പ്രകാരം എത്ര രോഗബാധിത തെങ്ങുകൾ വെട്ടി നീക്കിയെന്നും പകരം എത്രയെണ്ണം വെച്ചുപിടിപ്പിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ? | സി) നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം 2016-17 മുതൽ നാളിതുവരെ 1,38,214 രോഗബാധിത തെങ്ങുകൾ മുറിച്ച് മാറ്റുകയും പകരം 1,87,728 തെങ്ങിൻതൈകൾ വെച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

Maya P

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

**2016-17 മുതൽ വെട്ടിമാറ്റിയതും പകരം വെച്ചുപിടിപ്പിച്ച തെങ്ങിൻതൈകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ**

| ജില്ല | വെട്ടി മാറ്റിയ തെങ്ങുകളുടെ എണ്ണം | പകരം വെച്ച പിടിപ്പിച്ച തെങ്ങിൻതൈകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 9103 | 11052 |
| കൊല്ലം | 6159 | 11219 |
| പത്തനംതിട്ട | 4962 | 9247 |
| ആലപ്പുഴ | 7980 | 18605 |
| കോട്ടയം | 6008 | 6008 |
| ഇടുക്കി | 7040 | 22000 |
| എറണാകുളം | 4097 | 3945 |
| തൃശ്ശൂർ | 6065 | 5438 |
| പാലക്കാട് | 8153 | 20804 |
| മലപ്പുറം | 7650 | 2609 |
| കോഴിക്കോട് | 7340 | 11066 |
| വയനാട് | 21078 | 16009 |
| കണ്ണൂർ | 10021 | 17168 |
| കാസർഗോഡ് | 32558 | 32558 |

സെക്ഷൻ ഓഫീസർ